പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1006 — 06.06.2018-ൽ മറുപടിയ്ക്ക്.

കോഴിക്കോട് ഡയറി (മിൽമ) മാലിന്യ പ്രശ്നം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി.എ. റഹീം | ശ്രീ.കെ രാജു (വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് ഡയറി (മിൽമ) മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് സ്വന്തം ചെലവിൽ സ്ഥലം ഏറ്റെടുക്കുന്നതിന് മിൽമ തീരുമാനിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇക്കാര്യത്തിന് അനുമതി നൽകിക്കൊണ്ട് 08.11.2017-ന് സ.ഉ(സാധാ) നമ്പർ 130/2017/ ഡി.ഡി.യായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | (ബി) ഉണ്ട് |
| (സി) എങ്കിൽ സ്ഥലം ഏറ്റെടുക്കുന്നതിന് നിലവിലുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ; | (സി) യും (ഡി) യും കോഴിക്കോട് ഡയറി (മിൽമ) മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനായി കോഴിക്കോട് താലൂക്കിലെ പെരുവയൽ വില്ലേജിലെ 5.0485 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥലത്ത് നെൽവയൽ / തണ്ണീർത്തടങ്ങൾ / ചതുപ്പുനിലങ്ങൾ എന്നിവ ഉള്ളതിനാൽ സംസ്ഥാനതല നിരീക്ഷണ സമിതി ശുപാർശ നിരസിക്കുകയാണുണ്ടായത്. നെൽവയൽ, തണ്ണീർത്തടങ്ങൾ, ചതുപ്പുനിലങ്ങൾ എന്നിവ ഒഴിവാക്കി ഭൂമി ഏറ്റെടുക്കുന്നതിനുള്ള ശുപാർശ സമർപ്പിക്കുന്ന മുറയ്ക്ക് മാനദണ്ഡങ്ങൾക്കനുസൃതമായി നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) സ്ഥലം ഏറ്റെടുക്കൽ പ്രവൃത്തി ത്വരിതപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ